# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 16 | 2020 |

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### ഭക്തിയുടെ നിറവിൽ അമ്പലപ്പുഴക്കാരുടെ ശീവേലി

സന്നിധാനത്ത് ഭക്തി നിർഭരമായി അമ്പലപ്പുഴക്കാരുടെ ശീവേലി എഴുന്നള്ളത്ത് നടന്നു. വ്യാഴാഴ്ച വൈകിട്ട് അഞ്ച് മണിക്ക് മാളികപ്പുറം മണി മണ്ഡപത്തിൽ നിന്നും സന്നിധാനത്തേയ്ക്കാണ് എഴുന്നള്ളത്ത് നടന്നത്. മണി മണ്ഡപത്തിൽ നിന്നും മാളികപ്പുറം മേൽ ശാന്തി പൂജിച്ച് നൽകിയ തിടമ്പ് ജീവകയിൽ എഴുന്നള്ളിച്ചു വാദ്യമേളങ്ങൾ അകമ്പടിയേകി. പന്തളത്ത് നിന്നും തിരുവാഭരണത്തോടൊപ്പം വന്ന കൊടിക്കൂറ തിടമ്പിനൊപ്പം എഴുന്നള്ളിച്ചു. സ്വാമിമാരും മാളികപ്പുറങ്ങളും കർപ്പൂരതാലം ഏന്തി എഴുന്നള്ളത്തിൽ പങ്കെടുത്തു. എഴുന്നള്ളത്ത് പതിനെട്ടാം പടിയ്ക്കൽ എത്തിയപ്പോൾ പടി കഴുകി വൃത്തിയാക്കി പടിയിൽ കർപ്പൂരാരതി നടത്തി. തുടർന്ന് ക്ഷേത്രം പ്രദക്ഷിണം ചെയ്ത് മാളികപ്പുറത്ത് എത്തി ഇറക്കി എഴുന്നള്ളിച്ചു. മാളികപ്പുറത്തുനിന്നും തിരികെ എത്തി തിരുവാഭരണം ചാർത്തിയ അയ്യപ്പവിഗ്രഹം ദർശിച്ച് വിരിയിൽ എത്തി കർപ്പൂരാഴി പൂജ നടത്തിയതോടെ പത്ത് നാൾ നീളുന്ന അമ്പലപ്പുഴ സംഘത്തിന്റെ ശബരിമല തീർഥാടനത്തിന് സമാപനം ആയി. മകരവിളക്ക് ദിവസം രാവിലെ നെയ്യഭിഷേകവും അത്താഴപൂജയ്ക്ക് മഹാനിവേദ്യവും നടത്തിയ ശേഷമാണ് ശീവേലി എഴുന്നള്ളത്ത് നടന്നത്. ഇരുമുടിക്കെട്ടിൽ കൊണ്ടുവന്ന കാര എള്ള്, ശർക്കര, നെയ്യ്, തേൻ, കൽക്കണ്ടം, മുന്തിരി എന്നിവ ചേർത്തുണ്ടാക്കിയ എള്ളു പായസമാണ് ദേവന് നിവേദിച്ചത്. ജനുവരി ഏഴിനാണ് സംഘം അമ്പലപ്പുഴ ക്ഷേത്രത്തിൽനിന്ന് യാത്ര തിരിച്ചത്.

സമൂഹപ്പെരിയാൻ കളത്തിൽ ചന്ദ്രശേഖരൻ നായർ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. സംഘം പ്രസിഡന്റ് ആർ ഗോപകുമാർ, സെക്രട്ടറി എൻ മാധവൻകുട്ടി

നായർ, ഖജാൻജി കെ ചന്ദ്രകുമാർ, വൈസ് പ്രസിഡന്റ് ജി ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി സി വിജയ്മോഹൻ എന്നിവർ നേതൃത്വം നൽകി.

**(പി.ആർ. ശബരി–366)**

## സന്നിധാനത്ത് പോലീസിന്റെ പുതിയ ബാച്ച് ചുമതലയേറ്റു

സന്നിധാനത്തെ പോലീസിന്റെ പുതിയ ബാച്ച് ചുമതലയേറ്റു. മകരവിളക്ക് മഹോത്സവം കഴിഞ്ഞ് തിരുനട അടയ്ക്കുന്നത് വരെ സന്നിധാനത്തെ സുരക്ഷ ചുമതല ഇവർക്കായിരിക്കും. സന്നിധാനം സെപഷ്യൽ പോലിസ് ഓഫീസർ എ. വിജയന്റെ നേതൃത്വത്തിൽ 550 ഓളം പോലീസ് ഓഫീസർ മാർ പുതിയ ബാച്ചിലുണ്ട്. ഇടാതെ പ്രധാന ഇടങ്ങളിൽ മേൽനോട്ടം വഹിക്കനായി 6 ഡി വൈ എസ് പി മാരും, 18 സി .ഐ മാരും, 52 എസ് . ഐ മാരും സന്നിധാനത്ത് ഉണ്ട്.

**(പി.ആർ. ശബരി–367)**

## ശബരിമല നാളത്തെ (17.01.2020) ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണി..... തിരുനട തുറക്കൽ
3.05 ന്..... നിർമ്മാല്യ ദർശനം
3.10 ന് ... അഭിഷേകം
3.15 മുതൽ 7 മണി വരെ നെയ്യഭിഷേകം
3.30 ന് ....ഗണപതിഹോമം
7.30 ന് ഉഷപൂജ
തുടർന്ന് ഉദയാസ്തമന പൂജ....
9 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും
11.45ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ കഴിഞ്ഞ് 1 മണിക്ക് നട അടയ്ക്കും
വൈകുന്നേരം 4 മണി ..... തിരുനട തുറക്കൽ
6.30ന് ...ദീപാരാധന
6.40 ന് .....പടിപൂജ
7 മണിക്ക് ...പുഷ്പാഭിഷേകം
9.00 ന് അത്താഴപൂജ
തുടർന്ന് മാളികപ്പുറത്ത് നിന്നുള്ള എഴുന്നെള്ളിപ്പ്
രാത്രി 10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 16 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


## സന്നിധാനത്ത് ഡിജിറ്റലൈസേഷന്‍നടപ്പിലാക്കും: പോലീസ് മേധാവി

ഭക്തര്‍ക്ക് കൂടുതല്‍ദര്‍ശന സൗകര്യം ഒരുക്കാന്‍സന്നിധാനത്ത് അടുത്ത വര്‍ഷം മുതല്‍ഡിജിറ്റലൈസേഷന്‍നടപ്പിലാക്കുമെന്ന് പോലീസ് മേധാവി ലോകനാഥ് ബഹ്റ പറഞ്ഞു. നിലവില്‍ഡിജിറ്റലൈസേഷന്‍പൂര്‍ണതയില്‍എത്തിയിട്ടില്ല. അന്‍പത് ശതമാനത്തോളം മാത്രമാണ് ഇപ്പോള്‍കമ്പ്യൂട്ടര്‍അധിഷ്ഠിതമായ സേവനങ്ങള്‍ലഭ്യമാകുന്നത്. ഇത് കൂടുതല്‍ഉയര്‍ത്തുന്നതിന് ശ്രമമുണ്ടാകും. നിലവില്‍ പോലിസിന്‍റെ പ്രവര്‍ത്തനങ്ങള്‍തൃപ്തികരമാണെന്നും അദ്ദേഹം പറഞ്ഞു. പതിനെട്ടാം പടിയിലെത്തിയ അദ്ദേഹം തീര്‍ഥാടകരുടെ തിരക്ക് നിരീക്ഷിച്ചു. തിരക്ക് നിയന്ത്രണത്തിന് ആവശ്യമായ നിര്‍ദേശങ്ങള്‍അദ്ദേഹം ഇന്നചുമതലയേറ്റ സന്നിധാനം സ്പെഷ്യല്‍ഓഫീസര്‍എ വിജയന് നല്‍കി. ഐ ജി - എസ്.ശ്രീജിത്തിനൊപ്പാണ് അദ്ദേഹം സന്നിധാനത്തെത്തിയത്. ബുധനാഴ്ച വൈകിട്ട് മകനൊപ്പം എത്തിയ അദ്ദേഹം അയപ്പദര്‍ശനത്തിനു ശേഷം മാളികപ്പുറത്തും ദര്‍ശനവും നടത്തി മടങ്ങി.

(പി.ആര്‍. ശബരി-368)

## പതിനെട്ടുപടികളെയും സാക്ഷിയാക്കി ആലങ്ങാട് യോഗത്തിന്റെ ശീവേലി

കര്പ്പൂര ദീപപ്രഭയാല്ജ്വലിച്ചുനിന്ന പതിനെട്ടുപടികളെയും സാക്ഷിയാക്കി, അയ്യപ്പസ്വാമിയുടെ പിതൃസ്ഥാനീയരായി കരുതപ്പെടുന്ന ആലങ്ങാട് യോഗം നടത്തിയ ശീവേലി സിധാനത്തെ ഭക്തിസാന്ദ്രമാക്കി. ഉടുക്കുകൊട്ടി അയ്യപ്പനെ ഭജിച്ച് അവര്ഭക്തിയുടെ നെറുകയില് ചുവടുകള്വെച്ചു. മാളികപ്പുറത്തെ മണിമണ്ഡപത്തില്നിന്നും പൂജിച്ച് വാങ്ങിയ ഗോളകയും തിരുവാഭരണത്തോടൊപ്പം പന്തളം കൊട്ടാരത്തില്നിന്നും കൊണ്ടുവന്ന തിടമ്പും ചാര്ത്തിയാണ് ശീവേലി നടത്തിയത്. ശുഭ്രവസ്ത്രം ധരിച്ച്, വാലിട്ട് കണ്ണെഴുതി, കര്പ്പൂര താലമേന്തി നൂറുകണക്കിന് യോഗാംഗങ്ങള്ശീവേലിയില്അണിനിരന്നു. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പതിനെട്ടാംപടിയ്ക്കല്എത്തിയശേഷം, പടികള്കഴുകി അവയില്കര്പ്പൂരപൂജയും ആരാധനയും നടത്തി. തുടര്ന്ന് അയ്യപ്പദര്ശനത്തനുശേഷം മാളികപ്പുറത്തേയ്ക്ക് മടങ്ങി. ജനുവരി മൂന്നിന് ആലുവ മണപ്പുറം മഹാദേവക്ഷേത്രത്തില്രഥഘോഷയാത്രയോടെ പുറപ്പെട്ട യോഗക്കാര്, ഒട്ടേറെ ക്ഷേത്രങ്ങളില്ദര്ശനം നടത്തി 12 ന് എരുമേലി പേട്ടതുള്ളലും നടത്തിയ ശേഷമാണ് 14 വൈകിട്ട് സന്നിധാനത്ത് പതിനെട്ടാം പടിയില്സ്വീകരണം ഏറ്റുവാങ്ങി. യോഗപെരിയോന്അമ്പാട് എ കെ വിജയകുമാര്, യോഗപ്രതിനിധികളായ എം എന്രാജപ്പന്നായര്, പി കെ രാജേഷ് കുറുപ്പ് എന്നിവരുടെ നേതൃത്വത്തിലാണ് സംഘം സന്നിധാനത്ത് എത്തിയത്.

(പി.ആര്. ശബരി-369)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.